പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1774 — 18.06.2012 ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ

| ചോദ്യം<br>ശ്രീമതി കെ. എസ്. സലീഖ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
|---|---|
| (എ) സംസ്ഥാനത്ത് പണിയെടുക്കുന്ന അന്യ സംസ്ഥാന തൊഴിലാളികൾ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ പേരും വിലാസവും രജിസ്റ്റർ ചെയ്യണമെന്ന കർശന നിർദ്ദേശം പാലിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; എത്ര അന്യ സംസ്ഥാനതൊഴിലാളികൾ സംസ്ഥാനത്ത് പണിയെടുക്കുന്നു. | (എ) നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് വകുപ്പിൽ 54224 അന്യസംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. |
| (ബി) ഇപ്പോൾ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ എത്ര അപരിചിതരായ തൊഴിലാളികൾ ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; രജിസ്റ്റർ ചെയ്ത എത്ര പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി; വ്യക്തമാക്കുമോ; | (ബി) 54224 അന്യ സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രേഖകളോ തിരിച്ചറിയൽ കാർഡോ പോലീസ് നൽകിയിട്ടില്ല. |
| (സി) അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് കവർച്ച, കൊലപാതകം, സ്ത്രീപീഡനം തുടങ്ങി ക്രമസമാധാനപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രവണത കർശനമായി ഇല്ലാതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവണത കർശനമായി ഇല്ലാതാക്കുവാൻ അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം വഴി ക്രിമിനൽ പശ്ചാത്തലമുള്ള ആരെങ്കിലും ഉള്ളതായി കണ്ടാൽ അവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) ഇത്തരം അന്യസംസ്ഥാന തൊഴിലാളികളെ വച്ച് പണിയെടുപ്പിക്കുന്ന | (ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. |

കോൺട്രാക്ടർമാരുടെ പേരും വിലാസവുമടക്കം പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

| | | | |
|---|---|---|---|
| (ഇ) | ഏത് കോൺട്രാക്ടറുടെ കീഴിലുള്ള അന്യസംസ്ഥാനതൊഴിലാളിയാണ് ഇവിടെ ക്രമസമാധാന പ്രശ്നം സൃഷ്ടിക്കുന്നതെന്ന് മനസ്സിലായാൽ പ്രസ്തുത കോൺട്രാക്ടറെ പ്രതിയാക്കി കേസ്സ് രജിസ്റ്റർ ചെയ്ത് നിയമനടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (ഇ) | നിലവിലുള്ള നിയമപ്രകാരം കുറ്റകൃത്യത്തിൽ പങ്കില്ലെങ്കിൽ പ്രതിപട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ